## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1462**      03-12-2018 -ൽ മറുപടിക്ക്

## വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഇ.കെ.വിജയൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഫ്ലഡ് സ്കീമിൽ അനുവദിക്കപ്പെട്ട മൺ റോഡുകൾ ഫ്ലഡ് സ്കീമിൽ ടാർ ചെയ്യുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ; | എ) & ബി) | കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ താത്കാലിക പുനരുദ്ധാരണം മാത്രമാണ് അനുവദനീയമായിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിലെ വ്യവസ്ഥകളാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗവുമായി ബന്ധപ്പെട്ടും അനുവദനീയമായിട്ടുള്ളത്. അത് പ്രകാരം പ്രകൃതി ദുരന്തത്തിൽ തകരുന്ന മൺറോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിൽ 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) മാത്രമാണ് ഒരു കീ.മീറ്റർ റോഡിന് അനുവദനീയമായിട്ടുള്ളത്. പ്രസ്തുത മാനദണ്ഡപ്രകാരം മൺറോഡുകളിൽ പുതിയ ടാറിംഗ് പ്രവൃത്തിപോലുള്ള പ്രവൃത്തികൾ അനുവദനീയമല്ല. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. |
| ബി) | ഫ്ലഡ് സ്കീമിൽ മൺ റോഡുകൾ ടാർ ചെയ്യാൻ ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ